## ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ
## സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. ഉത്തരവ് നം. ഇ.എസ്.2-88500/14/ആ.വ.ഡ., തീയതി: 26/06/2015.
2. ഉത്തരവ് നം. ഇ.എസ്.2-85350/17/ആ.വ.ഡ., തീയതി: 15/05/2019.
3. ഉത്തരവ് നം. ഇ.എസ്.2-67652/20/ആ.വ.ഡ., തീയതി: 28/09/2020.
4. ഉത്തരവ് നം. ഇ.എസ്.2-67652(1)/20/ആ.വ.ഡ., തീയതി: 28/09/2020.
5. ഈ കാര്യാലയത്തിലെ ഇതേ നം. കത്ത് തീയതി: 19/08/2020.

**ഉത്തരവ് നം. ഇ.ഡി.1-3/2020/ആ.വ.ഡ., തീയതി : 06/10/2020.**

പരാമർശം ഉത്തരവ് (1),(2),(3), (4) എന്നിവ പ്രകാരം പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ക്ലാർക്കുമാരുടെ 01/01/2009 മുതൽ 31/12/2013 വരെയും 01/01/2014 മുതൽ 31/12/2016 വരെയുള്ള സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടവരുടേയും, ആശ്രിത നിയമന വ്യവസ്ഥയിൽ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമിച്ച ക്ലാർക്കുമാരുടെ നിയമന പ്രാബല്യ തീയതി പുതുക്കിയത് അനുസരിച്ച് സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെട്ടവരുടേയും, അക്കൗണ്ട് ടെസ്റ്റ് പാസായ പരിവീക്ഷണ കാലം പൂർത്തിയാക്കിയ ക്ലാർക്കുമാരുടെ സേവന വിവരങ്ങൾ പരാമർശം (5) പ്രകാരമുള്ള സർക്കുലർ പ്രകാരം എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരിൽ നിന്നും ആവശ്യപ്പെടുകയും ആയത് ലഭിച്ചിട്ടുള്ളതുമാകുന്നു. ആയതിൻ പ്രകാരം സീനിയർ ക്ലാർക്കുമാരുടെ 62 ഒഴിവുകൾ ഈ വകുപ്പിൽ ഇപ്പോൾ നിലവിലുള്ളതായി കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ആയതിൽ 10 ഒഴിവുകൾ അപ്പീലുകൾക്കായി മാറ്റി വച്ചിട്ടുള്ളതും ശേഷിക്കുന്ന ഒഴിവുകൾ 52 ആയി നിജപ്പെടുത്തിയിട്ടുള്ളതുമാണ്. 1:1 അനുപാതം ക്രമീകരിച്ചതിലൂടെയും സീനിയർ ക്ലാർക്കിൽ നിന്ന് ഹെഡ് ക്ലാർക്കായി ഉദ്യോഗക്കയറ്റം ലഭിച്ചതിലൂടെയും, വിരമിക്കൽ/ മരണം/ ശൂന്യവേതനാവധി/ തസ്തികമാറ്റം/ വകുപ്പ് വിട്ടുപോകൽ മുതലായവയിലൂടെയും ആണ് ഈ ഒഴിവുകൾ ഉണ്ടായിട്ടുള്ളത്.

പ്രസ്തുത സാഹചര്യത്തിൽ അനുബന്ധം 1 —ൽ ഉൾപ്പെടുത്തിയിരിക്കുന്ന എം.ഒ.പി., അക്കൗണ്ട് ടെസ്റ്റ് (ലോവർ/ഹയർ) എന്നിവ പാസായിട്ടുള്ളതും പരിവീക്ഷണകാലം പൂർത്തിയാക്കിയിട്ടുള്ളതും അച്ചടക്ക നടപടികൾ നിലവിലില്ലാത്തതുമായ ക്ലാർക്കുമാരെ 25,200 — 54,000 ശമ്പള സ്കെയിലിൽ സീനിയർ ക്ലാർക്കുമാരായി ഉദ്യോഗക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു. സീനിയർ ക്ലാർക്കുമാരുടെ സീനിയോറിറ്റി പട്ടിക തയ്യാറാക്കുന്ന സമയത്ത് ആവശ്യമെങ്കിൽ ടി പ്രാബല്യ തീയതിയിൽ മാറ്റം വരുത്തി ഉത്തരവാകുന്നതാണ്. അനുബന്ധം 1 —ൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ ജോലി സ്വഭാവത്തിൽ മാറ്റം വരാത്ത സാഹചര്യത്തിൽ അവർ ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ തന്നെ തുടരുന്നതാണ്. അനുബന്ധം 1 —ൽ ഉൾപ്പെട്ടിരിക്കുന്ന സീനിയർ ക്ലാർക്കുമാർക്ക് (8 വർഷത്തെ സമയബന്ധിത ഹയർ ഗ്രേഡ് പ്രകാരമുള്ള ശമ്പള നിർണ്ണയം നടത്തിയിട്ടുള്ളവർ ഒഴികെ) ഉത്തരവ് നം. ജി.ഒ.(പി.) നം. 07/2016/ധന., തീയതി 20/01/2016 പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

സീനിയർ ക്ലാർക്കുമാരായി ഉദ്യോഗക്കയറ്റം നൽകിയ അനുബന്ധം 1 —ൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാരെ സീനിയർ ക്ലാർക്കായി ജോലിയിൽ പ്രവേശിപ്പിക്കുന്നതിനു മുൻപ് സ്ഥാപന മേധാവികൾ താഴെ പറയുന്ന രേഖകൾ പരിശോധിക്കേണ്ടതാണ്.

1. സീനിയോറിറ്റി പട്ടികയിലെ റാങ്ക് നം.
2. പേര്
3. ജനന തീയതി
4. പരിവീക്ഷണ കാലം പൂർത്തിയാക്കിയ തീയതി
5. എം.ഒ.പി., അക്കൗണ്ട്ടെസ്റ്റ് എന്നിവയുടെ സർട്ടിഫിക്കറ്റ്

ജില്ലാ മെഡിക്കൽ ഓഫീസർമാർ/സ്ഥാപന മേധാവികൾ തെറ്റായ വിവരങ്ങൾ നൽകിയതിലൂടെ

സീനിയർ ക്ലാർക്കുമാരായി ഉദ്യോഗക്കയറ്റം നേടിയിട്ടുള്ള ക്ലാർക്കുമാർ അനുബന്ധം 1 —ൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവരുടെ ഉദ്യോഗക്കയറ്റം ഈ ഉത്തരവ് തീയതി മുതൽ അസാധുവാകുന്നതാണ്. സീനിയർ ക്ലാർക്കായി ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ ജോലിയിൽ പ്രവേശിച്ച തീയതി എല്ലാ സ്ഥാപന മേധാവികളും അടിയന്തിരമായി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

പരിവീക്ഷണകാലം പൂർത്തിയാക്കുകയും എം.ഒ.പി. അക്കൗണ്ട് ടെസ്റ്റ് മുതലായ യോഗ്യതാ പരീക്ഷകൾ പാസ്സാകുകയും ചെയ്ത ക്ലാർക്കുമാരുടെ സേവന വിവരം ഈ കാര്യാലയത്തിൽ ലഭ്യമാകാത്തതു കാരണം ഉദ്യോഗക്കയറ്റം ലഭിക്കാതെയുണ്ടെങ്കിൽ അത്തരക്കാർ ഈ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനുള്ളിൽ നിശ്ചിത പരിപത്രത്തിൽ ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയ സേവന വിവരം (അക്കൗണ്ട് ടെസ്റ്റ് സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം) ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും/സ്ഥാപന മേധാവികൾക്കും ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്കും ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ഈ ഉത്തരവിന്റെ പകർപ്പ് ഡൗൺലോഡ് ചെയ്ത് ഔദ്യോഗിക രേഖയായി ഉപയോഗിക്കാവുന്നതാണ്.

ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ ഉദ്യോഗക്കയറ്റം സംബന്ധിച്ച വിവരങ്ങൾ എല്ലാ സ്ഥാപന മേധാവികളും സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും ഉത്തരവിന്റെ പകർപ്പ്, ഓപ്ഷൻ മുതലായവ സാക്ഷ്യപ്പെടുത്തി പതിപ്പിക്കേണ്ടതുമാണ്.

(ഒപ്പ്)
കുമാരി ബീന വി. റ്റി.
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്:

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ (മേലധികാരി മുഖേന)

പകർപ്പ്:-

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി. എ.
2. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ (ആരോഗ്യം)
3. ബന്ധപ്പെട്ട സ്ഥാപന മേധാവികൾ.
4. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ഔദ്യോഗിക വെബ്സൈറ്റ്.
5. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്

അനുബന്ധം — 1

| ക്രമ നം. | സീനിയോറിറ്റി ലിസ്റ്റ് | റാങ്ക് നം. | ജനന തീയതി | ജോലിയിൽ പ്രവേശിച്ച തീയതി | പേരും, ഇപ്പോൾ ജോലി ചെയ്യുന്ന സ്ഥാപനവും | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | 01/01/2009 മുതൽ 31/12/2013 വരെ | 171 എ | 31/05/1971 | 01/12/2011 | ശ്രീ. വി. ബിജുമോൻ പ്രാഥമികാരോഗ്യ കേന്ദ്രം, നെട്ടൂർ, എറണാകുളം | |
| 2. | | 365 | 29/09/1988 | 01/07/2013 | ശ്രീമതി രാഹില കെ. പി. സാമൂഹികാരോഗ്യ കേന്ദ്രം, കുട്ടമുഖം, കണ്ണൂർ | |
| 3. | | 421 | 04/10/1982 | 28/11/2013 | ശ്രീമതി മരീനാ ജേക്കബ് പ്രാഥമികാരോഗ്യ കേന്ദ്രം, തീക്കോയി, കോട്ടയം | |
| 4. | | 421 എഫ് | 24/04/1991 | 11/11/2013 | ശ്രീമതി സ്വാതി എം. ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), ആലപ്പുഴ | |
| 5. | | 425 (i) | 05/04/1979 | 18/01/2014 | ശ്രീമതി യമുനാഭായി എം. കെ. കുടുംബാരോഗ്യ കേന്ദ്രം, കാകോൽ ആലപ്പടമ്പ, കണ്ണൂർ | |
| 6. | | 425 (ii) | 14/03/1980 | 13/01/2014 | ശ്രീമതി ജിഷ പുളിത്തോളിൽ പ്രാഥമികാരോഗ്യ കേന്ദ്രം, ത്രിപ്രങ്ങോട്ടൂർ | |
| 7. | 01/01/2014 മുതൽ 31/12/2016 വരെ | 2 | 25/04/1977 | 22/01/2014 | ശ്രീമതി ജീജ ആർ. കുടുംബാരോഗ്യ കേന്ദ്രം, ചെന്നീർക്കര, പത്തനംതിട്ട | |
| 8. | | 3 | 30/05/1980 | 07/02/2014 | ശ്രീ. സിമിൻ എസ്. ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), മലപ്പുറം | |
| 9. | | 4 | 07/03/1983 | 07/02/2014 | ശ്രീമത റംലത്ത് കെ. പ്രാഥമികാരോഗ്യ കേന്ദ്രം, കൂട്ടിലങ്ങാടി, മലപ്പുറം | |
| 10. | | 5 | 01/03/1980 | 03/02/2014 | ശ്രീമതി ദീപാ കുമാരി ഐ. താലൂക്ക് ആശുപത്രി, കുറ്റിപ്പുറം, മലപ്പുറം | |
| 11. | | 6 | 14/03/1981 | 01/02/2014 | ശ്രീ. ഉമേഷ് കെ. ജില്ലാ ആശുപത്രി, നിലമ്പൂർ, മലപ്പുറം | |
| 12. | | 8 | 30/05/1985 | 15/02/2014 | ശ്രീ. സുജിത് കുമാർ എസ്. പ്രാഥമികാരോഗ്യ കേന്ദ്രം, ചെറുതണ, ആലപ്പുഴ | |
| 13. | | 9 | 30/03/1977 | 27/03/2014 | ശ്രീ. ദിനേഷ് ഡി. ലെപ്രസി സാനിട്ടോറിയം, നൂറനാട്, ആലപ്പുഴ | |
| 14. | | 10 | 09/05/1981 | 10/03/2014 | ശ്രീമതി ബിന്ദു എൻ. താലൂക്ക് ആസ്ഥാന ആശുപത്രി, അലത്തൂർ, പാലക്കാട് | |